REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 12-11-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഒരു മാസം നീണ്ട പ്രചാരണചൂടിന് ശേഷം വയനാട്ടിലും ചേലക്കരയിലും നാളെ വിധിയെഴുത്ത്. സ്ഥാനാർഥികൾ നിശബ്ദപ്രചാരണത്തിന്റെ തിരക്കിൽ.**
- **നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ ഒന്നാം ഘട്ട വോട്ടെടുപ്പ് നാളെ.**
- **ഇന്ന് പൊതു സേവന പ്രക്ഷേപണ ദിനം.**
- **കോഴിക്കോട് തളി മഹാക്ഷേത്രത്തിലെ ചരിത്ര പ്രസിദ്ധമായ രേവതി പട്ടത്താനം നാളെ.**
- **സംസ്ഥാനത്ത് അടുത്ത മൂന്ന് ദിവസം കനത്ത മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ബീഹാറിൽ വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ഇന്ത്യ ഇന്ന്, ദക്ഷിണ കൊറിയയെ നേരിടും.**

## വാർത്തകൾ വിശദമായി

ഒരു മാസം നീണ്ട പ്രചാരണചൂടിന് ശേഷം വയനാട് ലോക്സഭാ മണ്ഡലവും ചേലക്കര നിയമസഭാ മണ്ഡലവും നാളെ വിധിയെഴുതും. ഇവിടങ്ങളിൽ പരസ്യപ്രചാരണം ഇന്നലെ അവസാനിച്ചതോടെ ഇന്ന് നിശബ്ദ പ്രചാരണത്തിന്റെ തിരക്കിലാണ് സ്ഥാനാർഥികൾ.

....ഡെസ്ക് റിപ്പോർട്ട്....

...വോയ്സ്...

ആവേശക്കൊടുങ്കാറ്റുയർത്തിയ കൊട്ടികലാശത്തോടെയാണ് വയനാട്, ചേലക്കര മണ്ഡലങ്ങളിൽ പ്രചാരണം അവസാനിച്ചത്. കൊട്ടിക്കലാശത്തിൽ നൂറുക്കണക്കിന് പ്രവർത്തകർ അണിനിരന്നു. വയനാട്ടിലെ UDF സ്ഥാനാർത്ഥി തിരുവമ്പാടിയിലും LDF സ്ഥാനാർത്ഥി കൽപ്പറ്റയിലും NDA സ്ഥാനാർഥി ബത്തേരിയിലും കൊട്ടിക്കലാശത്തിൽ പങ്കെടുത്തു.

വയനാട്ടിൽ മൂന്ന് പ്രധാന മുന്നണി സ്ഥാനാർഥികൾക്ക് പുറമെ കക്ഷി രഹിതർ അടക്കം 16 സ്ഥാനാർഥികളാണ് മത്സരരംഗത്തുള്ളത്. 14 ലക്ഷത്തി 71,742 വോട്ടർമാർ മണ്ഡലത്തിലുണ്ട്. 1,354 പോളിംഗ് സ്റ്റേഷനുകളാണ് സജ്ജമാക്കുക. ഇതിൽ 11 ബൂത്തുകൾ അതീവ സുരക്ഷാ പട്ടികയിൽ പെട്ടതാണ്. ഇവിടങ്ങളിൽ വെബ്കാസ്റ്റിംഗ് ഉൾപ്പെടെ സൗകര്യങ്ങൾ ഒരുക്കും. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അതീവ സുരക്ഷയും ഒരുക്കിയിട്ടുണ്ട്.

ചേലക്കര നിയമസഭാ മണ്ഡലത്തിൽ ആറ് സ്ഥാനാർഥികളാണ് മത്സരരംഗത്തുള്ളത്. 2 ലക്ഷത്തി 13,103 വോട്ടർമാരുള്ള മണ്ഡലത്തിൽ പതിനായിരത്തിലധികം പേർ പുതുതായി വോട്ടർപട്ടികയിൽ പേര് ചേർത്തവരാണ്. റിസർവ് ഉൾപ്പെടെ 864 പോളിങ് ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്.

നാളെ രാവിലെ ഏഴ് മുതൽ വൈകീട്ട് ആറുവരെയാണ് പോളിങ്.

ഈ മാസം 20 ന് വോട്ടെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിലും പ്രചാരണം തകൃതിയായി പുരോഗമിക്കുകയാണ്. ഈ മാസം 23-നാണ് മൂന്ന് മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ.

✪✪✪

നാളെ വോട്ടെടുപ്പ് നടക്കുന്ന വയനാട്, ചേലക്കര മണ്ഡലങ്ങളിൽ പോളിങ് സാമഗ്രികളുടെ വിതരണം തുടങ്ങി. പോളിങ് സാമഗ്രികൾ കൈപ്പറ്റിയ ശേഷം ഉദ്യോഗസ്ഥരെ ജിപിഎസ് ഘടിപ്പിച്ച പ്രത്യേകം വാഹനങ്ങളിൽ പോളിങ് ബൂത്തുകളിൽ എത്തിക്കും. പോളിങ് ഉദ്യോഗസ്ഥരുടെ യാത്രാ വേളയിൽ പൊലീസും റൂട്ട് ഓഫീസറും അനുഗമിക്കും. വോട്ടെടുപ്പിനു ശേഷം ഇതേ കേന്ദ്രത്തിൽ തന്നെയാണ് സാമഗ്രികൾ തിരിച്ചേൽപ്പിക്കേണ്ടത്.

✪✪✪

ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് താത്ക്കാലികമായി മാറ്റിപാർപ്പിച്ചവർക്ക് സമ്മതിദാനം വിനിയോഗിക്കാൻ നാളെ സൗജന്യ വാഹന സൗകര്യം ഒരുക്കി. മേപ്പാടി -ചൂരൽമല പ്രദേശങ്ങളിൽ സജ്ജീകരിക്കുന്ന 167, 168, 169

ബൂത്തുകളിലേക്കാണ് ചൂരൽമല-മുണ്ടക്കൈ വോട്ട് വണ്ടി എന്ന പേരിൽ KSRTC പ്രത്യേക സർവീസ് നടത്തുക.

✪✪✪

ചേലക്കര മണ്ഡലത്തിന്റെ അതിർത്തിയായ ചെറുതുരുത്തിയിൽ നിന്ന് രേഖകളില്ലാതെ കടത്തിയ 25 ലക്ഷം രൂപ തിരഞ്ഞെടുപ്പ് സ്ക്വാഡ് പിടികൂടി. വാഹനത്തിൽ കടത്തുകയായിരുന്ന പണമാണ് പിടികൂടിയത്.

പണത്തിന്റെ ഉറവിടം സംബന്ധിച്ച് പരിശോധന നടത്തുകയാണ് ഉദ്യോഗസ്ഥർ.

✪✪✪

പാലക്കാട് നിയമസഭാ മണ്ഡലം ഉപതെരഞ്ഞെടുപ്പിന് പ്രചാരണം ഊർജിതമായി തുടരുന്നു. NDA സ്ഥാനാർഥി C. കൃഷ്ണകുമാർ ഇന്ന് പാലക്കാട് നഗരസഭാ പ്രദേശങ്ങളിലാണ് പ്രചാരണം നടത്തുന്നത്. രാവിലെ പട്ടിക്കരയിൽ നിന്നും ആരംഭിച്ച പ്രചാരണം കല്പാത്തിയിൽ അവസാനിക്കും. വൈകീട്ട് നടക്കുന്ന NDA പ്രചാരണ പൊതുസമ്മേളനം യുവ മോർച്ച ദേശീയ അധ്യക്ഷൻ തേജസി സൂര്യ MP ഉദ്ഘാടനം ചെയ്യും.

LDF സ്ഥാനാർഥി ഡോ. P. സരിൻ ഇന്ന് മാത്തൂർ പിരായിരി പഞ്ചായത്തുകളിലാണ് പ്രചാരണം നടത്തുന്നത്. രാവിലെ പീടികത്തൊടിയിൽ നിന്നാണ് സ്ഥാനാർഥി പ്രചരണം ആരംഭിച്ചത്

UDF സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ ഇന്നത്തെ പ്രചാരണ പരിപാടികളിൽ സംസ്ഥാന നേതാക്കൾ പങ്കെടുക്കുന്നുണ്ട്. സ്ഥാനാർത്ഥിയുടെ പ്രചാരണ പരിപാടിയുടെ ഭാഗമായി വൈകീട്ട് കോട്ടമൈതാനിയിൽ ബുള്ളറ്റ് റാലിയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കേരളാ സർവകലാശാല നാളെ നടത്താൻ തീരുമാനിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവെച്ചു. വയനാട്, ചേലക്കര ഉപതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചാണ് മാറ്റം. പുതുക്കിയ തിയ്യതികൾ സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

✪✪✪

നിയമസഭയിലേക്ക് നാളെ ഒന്നാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ പരസ്യപ്രചാരണം അവസാനിച്ചു. സംസ്ഥാനത്തെ 43 മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ്. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രമുഖ നേതാക്കളും, താരപ്രചാരകരും സമാപന ദിവസം പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

ഈ മാസം 20 ന് ഒറ്റഘട്ടമായി തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിലും പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്.

അസമിൽ അഞ്ച് നിയമസഭാ സീറ്റുകളിലേക്ക് നടത്തുന്ന ഉപതിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങളും പൂർത്തിയായി. 34 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്.

✪✪✪

കേന്ദ്രഭരണ പ്രദേശമായ ദാദ്ര നഗർ ഹാവേലി, ദാമൻ ദിയുവിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ മൂന്നു ദിവസത്തെ സന്ദർശനം ഇന്ന് ആരംഭിക്കും. ആദ്യ ദിവസം ജാംപൂരിലെ പക്ഷിശാലയും, ഗവൺമെൻറ് എഞ്ചിനീയറിങ് കോളേജും, ദാമനിലെ നിഫ്റ്റ് ക്യാമ്പസും അവർ സന്ദർശിക്കും. രണ്ടാം ദിവസം രാഷ്ട്രപതി സിൽവാസയിലെ നമോ മെഡിക്കൽ വിദ്യാഭ്യാസ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കും.

സന്ദർശന വേളയിൽ നിരവധി സ്കൂളുകളിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായും ദ്രൗപതി മുറുമു സംവദിക്കും. സിൽവാസയിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യുന്ന അവർ, പിന്നീട് ദിയുവിലുള്ള INS ഖുക്രി സ്മാരകവും സന്ദർശിക്കും.

✪✪✪

ബലാത്സംഗക്കേസിൽ നടൻ സിദ്ദിഖിന് ഇടക്കാല ജാമ്യം തുടരും. സിദ്ദിഖ് നൽകിയ മുൻകൂർ ജാമ്യാപേക്ഷ ജസ്റ്റിസ് ബേല എം തൃവേദി അധ്യക്ഷയായ ബഞ്ചാണ് പരിഗണിച്ചത്. കേസിൽ ഒരാഴ്ചക്ക് ശേഷം വാദം വീണ്ടും തുടരും.

✪✪✪

ഇന്ന് പൊതു സേവന പ്രക്ഷേപണ ദിനം. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി ആകാശവാണിയിൽ സന്ദർശനം നടത്തിയതിന്റെ സ്മരണയിലാണ് നവംബർ 12 പൊതു സേവന പ്രക്ഷേപണ ദിനമായി ആചരിക്കുന്നത്.

1947-ൽ ഡൽഹിയിലെ ഓൾ ഇന്ത്യ റേഡിയോ നിലയം സന്ദർശിച്ച ഗാന്ധിജി കുരുക്ഷേത്രയിലെ അഭയാർത്ഥി ക്യാമ്പിലുണ്ടായിരുന്നവരെ റേഡിയോയിലൂടെ അഭിസംബോധന ചെയ്തു.

2001- ലാണ് നവംബർ 12 പൊതു സേവന പ്രക്ഷേപണ ദിനമായി ഔദ്യോഗികമായി പ്രഖ്യാപിച്ചത്.

✪✪✪

ഇന്ന് ലോക ന്യുമോണിയ ദിനം. ശ്വാസ കോശത്തെ ബാധിക്കുന്ന അസുഖമായ ന്യൂമോണിയയെയും  കാരണങ്ങൾ, ചികിത്സ, പ്രതിരോധം എന്നിവയെയും കുറിച്ച് അവബോധം  വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

✪✪✪

സംസ്ഥാനത്ത് അടുത്ത മൂന്ന് ദിവസം കനത്ത മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാളെ പത്തനംതിട്ട, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശവും നൽകിയിട്ടുണ്ട്.

✪✪✪

ചരിത്ര പ്രസിദ്ധമായ കോഴിക്കോട് തളി മഹാക്ഷേത്രത്തിലെ രേവതി പട്ടത്താനം നാളെ നടക്കും. സാമൂതിരി ഗുരുവായൂരപ്പൻ ഹാളിൽ പട്ടത്താന സദസ്സ് തോട്ടത്തിൽ രവീന്ദ്രൻ എം എൽ എ  ഉദ്ഘാടനം ചെയ്യും.

മികച്ച സാഹിത്യകാരനുള്ള മനോരമ തമ്പുരാട്ടി  പുരസ്കാരം കവിയും ഗാനരചയിതാവുമായ RK ദാമോദരന് നൽകി ആദരിക്കും.

മികച്ച കവിതാ സമാഹാരത്തിനുള്ള കൃഷ്ണഗീതി പുരസ്ക്കാരത്തിന് കെ.ജയകുമാറും മികച്ച കൃഷ്ണനാട്ടം കലാകാരനുള്ള പുരസ്ക്കാരത്തിന് കെ.വി. ജനാർദനൻ നായരും അർഹരായി.

✪✪✪

ചരിത്ര പ്രസിദ്ധമായ വൈക്കത്ത് അഷ്ടമിക്ക് കൊടിയേറി. ഇന്ന് രാവിലെ 8നും 8.45നും ഇടയിലുള്ള മുഹൂർത്തത്തിൽ തന്ത്രി ഭദ്രകാളി മറ്റപ്പള്ളി നാരായണൻ നമ്പൂതിരി, കിഴക്കിനേടത്ത് മേക്കാട് മാധവൻ നമ്പൂതിരി എന്നിവരുടെ കാർമ്മികത്വത്തിലാണ് ആഘോഷത്തിനു കൊടിയേറ്റിയത്.

വൃശ്ചികമാസ കൃഷ്ണപക്ഷത്തിലെ അഷ്ടമിയാണ് വൈക്കത്ത് അഷ്ടമി എന്ന് അറിയപ്പെടുന്നത്.

✪✪✪

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ,  ഇന്ത്യ ഇന്ന്, ദക്ഷിണ കൊറിയയെ നേരിടും. ബിഹാറിലെ രാജ്ഗിർ ഹോക്കി സ്റ്റേഡിയത്തിൽ വൈകീട്ട് 4.45നാണ് മത്സരം.

ഇന്നലെ രാജ്ഗിറിൽ എതിരില്ലാത്ത നാല് ഗോളുകൾക്ക് ഇന്ത്യ മലേഷ്യയെ പരാജയപ്പെടുത്തിയിരുന്നു.

✪✪✪

കണ്ണൂർ കൊട്ടിയൂർ നെല്ലിയോടിയിലെ സ്വകാര്യവ്യക്തിയുടെ ഫാമിൽ ആഫ്രിക്കൻ പന്നി പനി സ്ഥിരീകരിച്ചതിനെ തുടർന്ന് മേഖലയിലെ ഫാമുകളിലെ പന്നികളെ ഉൻമൂലനം ചെയ്യാൻ ജില്ലാ കലക്ടർ ഉത്തരവിട്ടു. ദുരന്ത നിവാരണ നിയമ പ്രകാരമാണ് ഉത്തരവ് നൽകിയിരിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.....വോയ്സ്....

മൂന്ന് ഫാമുകളിലെ പന്നികളെ ഉൻമൂലനം ചെയ്യാനാണ് ഉത്തരവിട്ടിരിക്കുന്നത്. രോഗം സ്ഥിരീകരിച്ച പന്നി ഫാമിന് ചുറ്റുമുള്ള ഒരു കിലോമീറ്റർ പ്രദേശം രോഗബാധിത പ്രദേശമായും 10 കിലോമീറ്റർ ചുറ്റളവ് രോഗ നിരീക്ഷണ മേഖലയായും പ്രഖ്യാപിച്ചു. ഈ പ്രദേശങ്ങളിൽ പന്നിമാംസം വിതരണം ചെയ്യുന്നതും വിതരണം ചെയ്യുന്ന കടകളുടെ പ്രവർത്തനവും മൂന്ന് മാസത്തേക്ക് നിരോധിച്ചിട്ടുണ്ട്. പന്നികളെ ജില്ലയിലെ മറ്റ് പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നതും മറ്റ് പ്രദേശങ്ങളിൽ നിന്ന് നിരീക്ഷണ മേഖലയിലേക്ക് കൊണ്ടുവരുന്നതും നിരോധിച്ചു. രോഗം സ്ഥിരീകരിച്ച പന്നി ഫാമുകളിൽ നിന്നും മറ്റ് ഫാമുകളിലേക്ക് കഴിഞ്ഞ രണ്ടു മാസങ്ങൾക്കുള്ളിൽ പന്നികളെ കൊണ്ടുപോയിട്ടുണ്ടോ എന്ന് പരിശോധിച്ച് അടിയന്തിര റിപ്പോർട്ട് നൽകാൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് കലക്ടർ നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

കോഴിക്കോട് വെള്ളയിൽ മത്സ്യബന്ധന തൊഴിലാളിയെ കടലിൽ കാണാതായി. കുരുങ്ങി കിടന്ന വല അഴിച്ചു മാറ്റുന്നതിനിടെയായിരുന്നു അപകടം.

കോസ്റ്റൽ പോലിസിന്റെ നേതൃത്വത്തിൽ തെരച്ചിൽ നടക്കുകയാണ്.

✪✪✪

കണ്ണൂർ പുതിയങ്ങാടി കടലിൽ ഇന്ന് പുലർച്ചെ മത്സ്യബന്ധന ഫൈബർ വള്ളം കത്തി നശിച്ചു. മത്സ്യബന്ധന വലയും എൻജിനും ഉൾപ്പെടെ സാധനങ്ങളും നശിച്ചിട്ടുണ്ട്.

പയ്യന്നൂരിൽ നിന്ന് അഗ്നിരക്ഷാസേനയും നാട്ടുകാരും സ്ഥലത്തെത്തിയെങ്കിലും തീ ആളി പടർന്നതിനാൽ ബോട്ടിനടുത്തേക്ക് എത്താനായില്ല.

✪✪✪

ശബരിമല അന്തർ സംസ്ഥാനതല യോഗം ഇന്ന് ഉച്ചക്ക് തേക്കടിയിൽ ചേരും. ശബരിമല മഹോത്സവത്തോടനുബന്ധിച്ച് തമിഴ്നാട്ടിൽ നിന്ന് വരുന്ന തീർഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നത് ചർച്ച ചെയ്യാനാണ് യോഗം.

✪✪✪

സ്വർണവില കുറഞ്ഞു. ഗ്രാമിന് 135 രൂപ കുറഞ്ഞ് 7,085 രൂപയായി. 1080 രൂപ കുറഞ്ഞ് 56,680 രൂപയാണ് പവന്.

✪✪✪

മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മറ്റന്നാൾ കുട്ടികളുടെ ഹരിതസഭ നടക്കും. മാലിന്യ നിർമാർജന സംവിധാനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മാതൃകകളായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റുക തുടങ്ങിയവ ലക്ഷ്യമിട്ടാണ് പരിപാടി നടത്തുന്നത്.

✪✪✪

പാലക്കാട് കഞ്ചിക്കോട് - കൊട്ടേക്കാട് സ്റ്റേഷനുകൾക്കിടെ അഞ്ച് കിലോമീറ്ററിൽ സ്ഥാപിച്ച സൗരോർജ വൈദ്യുതി വേലിയുടെ ഭാഗമായി ഏതാണ്ട് രണ്ട് കിലോമീറ്റർ ദൂരം നാളെ വൈദ്യുതി കടത്തിവിടുമെന്ന് ദക്ഷിണ റെയിൽവേ പാലക്കാട് ഡിവിഷൻ അറിയിച്ചു. റെയിൽവേ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും വന്യ മൃഗങ്ങളെ തടയുന്നതിനും, പൊതുജനങ്ങളുടെ സുരക്ഷയെ കരുതിയുമാണ് നടപടിയെന്ന് റെയിൽവേ പറഞ്ഞു.

✪✪✪